ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹഡ്കോയിൽ നിന്ന് കെ.എസ്.ആർ.ടി.സി.ക്ക് ഇതുവരെ എന്തു തുക ലോൺ ലഭിച്ചു. ഇതിൽ എന്തു തുക ഉപയോഗിച്ച് എത്ര ബസ്സുകൾ നിരത്തിലിറക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വായ്പയുടെ പലിശ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഹഡ്കോ വായ്പ ഉപയോഗിച്ച് വാങ്ങിയ ബസ്സിൽ നിന്നും ഒരു ദിവസം ശരാശരി എന്തു തുക കളക്ഷൻ കിട്ടും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഈ തുക വായ്പയും പലിശയും അടയ്ക്കുന്നതിന് പര്യാപ്ത മാണോ;

(ഇ) ഹഡ്കോ വായ്പയുപയോഗിച്ച് എത്ര ബസ്സുകൾ, നിരത്തിലിറ ക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്;

(എഫ്) ഇനിയും എത്ര ബസ്സുകൾ ഇപ്പോൾ നിരത്തിലിറക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഇതുവരെ 75 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 50 കോടി രൂപ ഉപയോഗിച്ച് 591 ബസ്സുകൾ 30-11-2000 വരെ നിരത്തിലിറക്കിയിട്ടു ണ്ട്. ഹഡ്കോയിൽ നിന്നുള്ള ലോണിന്റെ മൂന്നാമത്തെ ഗഡുവായ 25 കോടി രൂപ 5-12-2000-ൽ മാത്രമാണ് ലഭിച്ചത്.

(ബി) ഹഡ്കോയിൽ നിന്നുള്ള വായ്പയുടെ പലിശ 13.25 ശതമാന മാണ്.

(സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബസ്സ് ടൈപ്പ്	കണക്കാക്കിയിട്ടുള്ള വരുമാനം
ഫാസ്റ്റ് പാസഞ്ചർ	5940.00
സൂപ്പർ ഫാസ്റ്റ്	7040.00
എക്സ്പ്രസ്സ്	6693.75
സൂപ്പർ ഡീലക്സ്	7675.50

(ഡി) പര്യാപ്തമല്ല

(ഇ) ഹഡ്കോ വായ്പയുപയോഗിച്ച് 1200 ബസ്സുകൾ നിരത്തിലിറ ക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഹഡ്കോയിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് ഇറക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 1200 ബസ്സുകളിൽ 30-11-2000 വരെ 581 ബസ്സുകൾ നിരത്തിലി റക്കിയിട്ടുണ്ട്. ബാക്കിയുള്ള ബസ്സുകളും യഥാക്രമം നിരത്തിലിറക്കാമെ ന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ ബസ് സർവ്വീസുകൾ

102 (444) ശ്രീ. വി.കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊന്നാനിയിൽ നിന്നും കുന്നംകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടും സർവ്വീസ് ആരംഭിച്ചിട്ടില്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ;

(സി) ഗുരുവായൂരിൽനിന്നും ഷൊർണ്ണൂരിലേക്കും പട്ടാമ്പിയിലേക്കും മൂന്നുവർഷം സർവീസ് നടത്തിയിരുന്ന ഓർഡിനറി സർവ്വീസ് നിർത്തലാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ പള്ളിപ്പുറം-വെള്ളിയാംകല്ലിലേയ്ക്ക് സർവ്വീസ് നടത്തുവാൻ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ,ബി) ഈ സ്ഥലങ്ങളിലേക്ക് ഗുരുവായൂർ ഡിപ്പോയിൽ നിന്നും ഒരു സർവീസ് ഉണ്ടായിരുന്നത് വരുമാനം കുറവ് കാരണവും റോഡ് മോശമായതുകൊണ്ടും നിർത്തലാക്കിയിരുന്നു. ദേശസാൽകൃതമേഖലയിൽപ്പെടാതെ പ്രസ്തുത സ്ഥലങ്ങളിലേക്ക് ഉടനെ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്.

(ഡി) ദേശസാൽകൃത മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുവാൻ കൂടുതൽ സർവ്വീസുകൾ നടത്തുക എന്നതാണ് കോർപ്പറേഷന്റെ നയം. പ്രസ്തുത റൂട്ട് ദേശസാൽകൃത മേഖലയിൽപെടാത്തതുകൊണ്ട് പുതി സർവ്വീസ് തുടങ്ങുവാൻ നിർവ്വാഹമില്ല.

സ്വകാര്യ വ്യക്തികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് വാടകയ്ക്ക് കൊടുക്കുന്ന നടപടി

103 (453) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് വാടകയ്ക്ക് കൊടുത്ത ഇനത്തിൽ തിരുവനന്തപുരം യൂണിറ്റിനും മറ്റ് യൂണിറ്റുകൾക്കും എന്തു തുക വീതം കിട്ടുവാനുണ്ട്; ഈ തുക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം സിറ്റി ബസ്സ് സ്റ്റേഷനിൽ ബുക്ക് സ്റ്റാൾ നടത്തുന്നതാരാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വ്യക്തിയിൽനിന്നും എത്ര തുക വാടകയും പലിശയും പിഴപ്പലിശയുമായി കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ തുക ഈടാക്കാത്തതിനുകാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തുക ഈടാക്കാനില്ല

LIBRARY ARCHIVES Kerala Legislative Assembly